**പതിമൂന്നാം കേരള നിയമസഭ**

**നാലാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 1068 20.03.2012- ൽ മറുപടിക്ക്**

**മാവേലിക്കര മണ്ഡലത്തിൽ കാലവർഷക്കെടുതിയിൽപ്പെടുത്തി അനുമതി നൽകിയ റോഡുകൾ**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. ആർ. രാജേഷ്** | | **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ബഹു. റവന്യൂ വകുപ്പു മന്ത്രി)** |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മാവേലിക്കര മണ്ഡലത്തിൽ കാലവർഷക്കെടുതിയിൽപ്പെടുത്തി എത്ര റോഡുകൾക്ക് അനുമതി നല്കിയിട്ടുണ്ട്; എം.എൽ.എ. മുഖേന ലഭിച്ച അപേക്ഷയിന്മേൽ എത്ര തുക അനുവദിച്ചു; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം മാവേലിക്കര മണ്ഡലത്തിൽ എം.എൽ.എ മുഖേന ലഭിച്ച 6 അപേക്ഷകളിന്മേൽ 30 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. |
| (ബി) | എം.എൽ.എ. മുഖേനയല്ലാതെ എത്ര റോഡുകൾക്ക് അനുവാദം കൊടുത്തു; ആരുടെ അപേക്ഷയിന്മേൽ എന്ന് വ്യക്തമാക്കുമോ; | (ബി) & (സി) | പ്രകൃതി ദുരന്തംമൂലം റോഡുകൾക്ക് പുനരുദ്ധാരണം അനിവാര്യമായി വരുന്ന ഘട്ടത്തിൽ പുനരുദ്ധാരണ പ്രവൃത്തികൾക്കുള്ള ഭരണാനുമതി നിലവിലുള്ള മാനദണ്ഡങ്ങൾക്കനുസൃതമായി നൽകാറുണ്ട്. ഇത് പുനരുദ്ധാരണത്തിന്റെ അനിവാര്യതയുടെയും ഫണ്ടിന്റെ ലഭ്യതയുടെയും അടിസ്ഥാനത്തിലാണ് നൽകിവരുന്നത്. കൂടാതെ ടി തുക അനുവദിക്കുന്നത് റവന്യൂ ജില്ലാടിസ്ഥാനത്തിലാണ്. ആയതിനാൽ വ്യക്തികളുടെ അപേക്ഷകളുടെ അടിസ്ഥാനത്തിൽ നിയോജക മണ്ഡലാടിസ്ഥാനത്തിലുള്ള കണക്കുകൾ ലഭ്യമല്ല. |
| (സി) | നിലവിൽ റോഡുകളുടെ അപേക്ഷ ഫ്ളഡ് വർക്കിനായിട്ടുണ്ടോ; ലിസ്റ്റ് നൽകിയത് ആരൊക്കെ; | | |
| (ഡി) | മാവേലിക്കര മണ്ഡലത്തിൽ ടാങ്കറുകളിൽ കുടിവെള്ളമെത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (ഡി) | മാവേലിക്കര മണ്ഡലത്തിൽ കുടിവെള്ള ക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ ടാങ്കറുകളിൽ കുടിവെള്ളമെത്തിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ഇ) | ഇതിനാവശ്യമായ ഉത്തരവ് കളക്ടർ നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഉത്തരവ് നൽകുവാൻ അടിയന്തരമായി ഇടപെടുമോ; | (ഇ) | ഇതിനാവശ്യമായ ഉത്തരവുകൾ നൽകിയിട്ടുണ്ട്. |
| (എഫ്) | മാവേലിക്കര മണ്ഡലത്തിലെ വള്ളിക്കുന്നം, താമരക്കുളം പഞ്ചായത്തുകളിൽ അനധികൃതമായി മണ്ണ്, ചെങ്കല്ല് എന്നിവയുടെ ഖനനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ പ്രദേശങ്ങളിൽ അടിയന്തരമായി സന്ദർശിച്ച് നടപടിയെടുക്കുവാൻ കളക്ടറെ ചുമതലപ്പെടുത്തുമോ; | (എഫ്) | മാവേലിക്കര മണ്ഡലത്തിലെ വള്ളിക്കുന്നം, താമരക്കുളം പഞ്ചായത്തുകളിൽ അനധികൃതമായി മണ്ണ്, ചെങ്കല്ല് എന്നിവയുടെ ഖനനം ശ്രദ്ധയിൽപ്പെട്ടിരുന്നതും ടി പ്രവൃത്തി തടയുന്നതിനുള്ള കർശന നടപടി സ്വീകരിക്കുന്നതിനായി ആർ.ഡി.ഒ ചെങ്ങന്നൂർ, തഹസീൽദാർ മാവേലിക്കര, ഡി.വൈ.എസ്.പി ചെങ്ങന്നൂർ, ജിയോളജിസ്റ്റ് ആലപ്പുഴ എന്നിവർക്ക് ജില്ലാ കളക്ടർ കർശന |

| | | | |
|---|---|---|---|
| | | | നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. ആവശ്യമെങ്കിൽ ജില്ലാ കളക്ടർ ടി പ്രദേശങ്ങൾ അടിയന്തിരമായി സന്ദർശിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ജി) | വള്ളിക്കുന്നം, താമരക്കുളം പഞ്ചായത്തുകളിൽ ഖനനം നിർത്തിവയ്ക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; | (ജി) | വള്ളിക്കുന്നം, താമരക്കുളം പഞ്ചായത്തുകളിൽ ഖനനം സംബന്ധിച്ച് നിലവിലെ സ്ഥിതി പരിശോധിച്ച് ആവശ്യമെങ്കിൽ ഈ മേഖലയിൽ ഖനനം പൂർണ്ണമായും നിരോധിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |
| (എച്ച്) | ഖനനവണ്ടികൾ പിടിച്ചെടുക്കുന്നതിനാവശ്യമായ വാഹനങ്ങൾ താലൂക്കാഫീസിലില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; താലൂക്കാഫീസിൽ വാഹനം ലഭ്യമാക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ; | (എച്ച്) | ഖനനവണ്ടികൾ പിടിച്ചെടുക്കുന്നതിനാവശ്യമായ വാഹന സൗകര്യം മാവേലിക്കര തഹസീൽദാർക്ക് അടിയന്തിരമായി ലഭ്യമാക്കുന്നതാണ്. |
| (ഐ) | മാവേലിക്കര താലൂക്ക് സഭയിൽ 04.02.2012-ൽ വള്ളിക്കുന്നത്തെ പുറമ്പോക്ക് കയ്യേറ്റം സംബന്ധിച്ച് ഉയർന്നുവന്ന ആരോപണത്തിന്റെ അടിസ്ഥാനത്തിൽ ഇത് ഒഴിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; കയ്യേറ്റക്കാരെ പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (ഐ) | മാവേലിക്കര താലൂക്കിൽ വള്ളിക്കുന്നം വില്ലേജിലെ ബ്ലോക്ക് 15 റിസർവ്വേ 516/6 ൽപ്പെട്ട വള്ളിക്കുന്നം ഗ്രാമ പഞ്ചായത്ത് വക വഴിയിൽ അനധികൃത കയ്യേറ്റം ഉണ്ടെന്ന പരാതിയുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട അധികൃതരുടെ സാന്നിദ്ധ്യത്തിൽ താലൂക്ക് സർവ്വേയർ 06.02.2012 ൽ പുറമ്പോക്ക് അളന്ന് കയ്യേറ്റം ഉണ്ടെന്ന് കണ്ടെത്തിയിരുന്നു. ഈ വിഷയത്തിൽ ബഹു. കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്തിരുന്ന WP(C)3721/12 ന്റെ ഇടക്കാല വിധിയിൽ തൽസ്ഥിതി തുടരുന്നതിന് ഉത്തരവായിരുന്നു. എന്നാൽ രാത്രിയിൽ ചിലർ മതിൽ പൊളിച്ചിട്ടുള്ളതും കോടതിയിൽ ബന്ധപ്പെട്ട കക്ഷികൾ CC 304/12 നമ്പരായി കോടതിയലക്ഷ്യഹർജി ഫയൽ ചെയ്തിട്ടുള്ളതുമാണ്. ബഹുമാനപ്പെട്ട കോടതിയുടെ അന്തിമ വിധി വന്നതിനുശേഷം അതിനനുസരിച്ച് തുടർനടപടി സ്വീകരിക്കുന്നതാണ്. |
| (ജെ) | മാവേലിക്കര മണ്ഡലത്തിൽ ടാങ്കറുകളിൽ കുടിവെള്ളം എത്തിക്കുന്നതിനുള്ള നടപടികൾ വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (ജെ) | മാവേലിക്കര മണ്ഡലത്തിൽ കുടിവെള്ള ക്ഷാമം നേരിടുന്ന സ്ഥലങ്ങളിൽ കുടിവെള്ളം എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ